15/02/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Suresh A R** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/02/2025

1. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്കും, സംരംഭകത്വം, മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണം, വിപണി ലക്ഷ്യമിട്ടുള്ള ഉല്പാദനപ്രക്രിയ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും, രാജ്യത്തുടനീളം നടന്നുവരുന്ന 10,000 എഫ്പിഒ മേള 2025 കേരളത്തിൽ ഫെബ്രുവരി 21 മുതൽ 23 വരെ കോഴിക്കോട് ട്രേഡ് സെന്ററിൽ സംഘടിപ്പിക്കുന്നു. കേന്ദ്ര, സംസ്ഥാന കൃഷി വകുപ്പുകൾ, SFAC എന്നിവ സംയുക്തമായാണ് എഫ് പി ഒ മേള സംഘടിപ്പിക്കുന്നത്. മേളയുടെ ഭാഗമായി, ബിസിനസ്-ടു-ബിസിനസ് (B2B Meet) സംഘടിപ്പിക്കുന്നു. എഫ് പി ഒ കളുടെ ഉൽപ്പന്നങ്ങൾ സ്ഥിരമായി ലഭിക്കാൻ താല്പര്യമുള്ള വ്യാപാരികൾ, വ്യക്തികൾ, സംഘടനകൾ എന്നിവയുമായി ബി 2 ബി മീറ്റിലൂടെ ധാരണാപത്രത്തിലെത്താനുള്ള സൗകര്യവും ലഭിക്കും. കേരളത്തിലുടനീളമുള്ള 50 ഓളം എഫ്.പി.ഒ കളുടെ സ്റ്റാളുകൾ പ്രദർശനത്തിനുണ്ടാകും. ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് സ്റ്റാളുകളിൽ നിന്നും വാങ്ങാനുള്ള സൗകര്യം ലഭിക്കും. മേളയുടെ ഭാഗമായി എഫ്.പി.ഒ അംഗങ്ങൾ, കർഷകർ, സംരംഭകർ എന്നിവർക്കായി വിദഗ്ദർ നയിക്കുന്ന ബോധവൽക്കരണക്ലാസ്സുകളുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് (www.keralaagriculture.gov.in) സന്ദർശിക്കുകയോ, 9600973695, 6282290993 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.

2. കാസറഗോഡ് ജില്ലയിലെ പേവിഷബാധ പ്രതിരോധവാക്സിന്റെ ദൗർലഭ്യം പരിഹരിച്ചുകൊണ്ട് ജില്ലയ്ക്ക് കേരള സർക്കാർ അനുവദിച്ച 40000 ഡോസ് വാക്സിൻ എല്ലാ മൃഗശുപത്രികളിലും ഇപ്പോൾ ലഭ്യമാണ്. ഓമനമൃഗങ്ങളുടെ പ്രതിരോധ കുത്തിവെപ്പിനായി ഇനിമുതൽ പുറത്തുനിന്ന് വാക്സിൻ വാങ്ങേണ്ടതില്ലെന്നും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൃഗാശുപത്രികളെ സമീപിക്കാവുന്നതാണെന്നും ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

3. Indian Institute of Horticulture Research (IIHR) വികസിപ്പിച്ചെടുത്ത അത്യുത്പാദനശേഷിയുള്ള അർക്ക സുപ്രീം, അർക്കരവി എന്നീ അവക്കാഡോ തൈകൾ ആവശ്യമുള്ളവർ ബത്തേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന വയനാട് ഹിൽസ് ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ഓഫിസിൽ നേരിട്ടെത്തി ഓർഡർ നൽകാവുന്നതാണ്.

4. വിതുര ജഴ്സി ഫാമിൽ പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പര് 9495582387.

5. പ്രധാനമന്ത്രി മത്സ്യസംപാദ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ അഴിക്കൽ മത്സ്യഗ്രാമത്തിൽ നടപ്പിലാക്കുന്ന കാലാവസ്ഥ വ്യതിയാന പ്രതിരോധ തീരദേശ മത്സ്യഗ്രാമം പദ്ധതി 2024-25 ലെ വിവിധ ഘടക പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. മൊബൈൽ ഫിഷ് വെൻ്ററിംഗ് ഓട്ടോ കിയോസ്ക്ക് (നാല് ഗ്രൂപ്പുകൾക്ക് 8.50 ലക്ഷം രൂപ നിരക്കിൽ), പോർട്ടബിൾ സോളാർ ഡ്രയർ (10 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 2.50 ലക്ഷം രൂപ നിരക്കിൽ), ലൈഫ്ജാക്കറ്റ് (5 അംഗങ്ങൾ ഉള്ള 10 രജിസ്റ്റേഡ് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് 1000 രൂപ നിരക്കിൽ) എന്നീ പദ്ധതികളിലേക്ക് അഴിക്കൽ മത്സ്യഗ്രാമത്തിൽ നിന്നുള്ള അർഹതപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷകൾ, അഴിക്കൽ മത്സ്യഗ്രാമത്തിൽ താമസിക്കുന്നവരെന്ന് തെളിയിക്കുന്ന രേഖകൾ സഹിതം ഫെബ്രുവരി 18 നു മുമ്പ് തുറവൂർ മത്സ്യഭവൻ ഓഫീസിൽ സമർപ്പിക്കണം. ഫോൺ: 0477 2251103.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **'അക്വേറിയം നിർമ്മാണവും പരിപാലനവും'** എന്ന വിഷയത്തിൽ 19.02.2025 തീയതിയിൽ പരിശീലനം സംഘടിപ്പിക്കുന്നു. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **8547070773** ഫോൺ നമ്പറില് ബന്ധപ്പെടാവുന്നതാണ് .

7. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററില് **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തില് ഫെബ്രുവരി 20, 21 തീയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1,100/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 18.02.2025 തീയതിയ്ക്കുള്ളിൽ അറിയിക്കേണ്ടതാണ്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ **8547070773 എന്ന** ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

8. കോക്കനട്ട് റിസർച്ച് സ്റ്റേഷൻ ബാലരാമപുരത്ത് വച്ച് **തേങ്ങയിൽ നിന്നും വിവിധ മൂല്യ വർധിത ഉത്പന്നങ്ങൾ** തയ്യാറാക്കുന്നതിനുള്ള ഏകദിന പരിശീലനം ഫെബ്രുവരി , 18, 20 തീയതികളിൽ നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ കൂടുതൽ വിവരങ്ങൾക്ക് 8547603318 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

9. റബ്ബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിംഗ് (എൻഐആർടി) 2025 ഫെബ്രുവരി 17 മുതൽ 21 വരെ ഡ്രൈ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ അഞ്ച് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ റബ്ബർ കോമ്പൗണ്ടിംഗ് തത്വങ്ങളെക്കുറിച്ചുള്ള വിഷയങ്ങൾ ഉൾപ്പെടുന്നു;

വാർത്തെടുത്തതും പുറത്തെടുത്തതും കലണ്ടർ ചെയ്തതുമായ സാധനങ്ങൾ; പ്രോസസ്സ് കൺട്രോൾ, വൾക്കനൈസേഷൻ ടെസ്റ്റുകൾ; സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME) സ്കീമുകൾ; ഉൽപ്പന്നങ്ങളുടെ വിപണനം തുടങ്ങിയവ. വിശദവിവരങ്ങൾക്ക് ഫോണിൽ ബന്ധപ്പെടുക: 9446976726 അല്ലെങ്കിൽ Whatsapp 04812353201. ഇ-മെയിൽ: training@rubberboard.org.in.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം